ആവശ്യമായ ചികിത്സ നൽകുന്നതിന് കമ്മ്യൂണിറ്റി & പ്രിവന്റീവ് ദന്തിസ്ട്രി രീതികൾ അവലംബിച്ചു വരുന്നു. എല്ലാ വർഷവും സ്കൂൾ ദന്തൽ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. പൊതു ജനങ്ങൾക്ക് ദന്താരോഗ്യത്തെക്കുറിച്ച് അറിവ് നൽകുന്നതിനായി ദന്താരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) നാല് അംഗീകൃത ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിന് അനുബന്ധമായി പുതിയ സർക്കാർ ഡെന്റൽ കോളേജ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആയതിലേയ്ക്കുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

നഴ്സിംഗ് വിദ്യാഭ്യാസ നവീകരണം

29 (*389) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് വിദ്യാഭ്യാസം നവീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) കേരളത്തിൽ നിന്നുള്ള നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി തേടി പോകുന്നത് കണക്കിലെടുത്ത് നഴ്സിംഗ് വിദ്യാഭ്യാസം ആധുനികവൽക്കരിക്കുന്നതിനും മത്സരക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യ രംഗത്തെ വെല്ലുവിളികൾ നേരിടുവാൻ നഴ്സിംഗ് മേഖലയെ സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സ്വകാര്യ മേഖലയിലും സർക്കാർ തലത്തിലും നഴ്സിംഗ് സ്കൂളുകളും കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഡിപ്ലോമ (ജനറൽ നഴ്സിംഗ്), ബിരുദം (ബി.എസ്.സി. നഴ്സിംഗ്), ബിരുദാനന്തര ബിരുദം (എം.എസ്.സി. നഴ്സിംഗ്), പി.എച്ച്.ഡി. എന്നിവ സംസ്ഥാനത്ത് സാദ്ധ്യമാണ്.

ആരോഗ്യ വകുപ്പിന് കീഴിൽ 16 ജനറൽ നഴ്സിംഗ് സ്കൂളുകളാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നത്. ട്രെയിനിംഗ് കാലാവധി 2015 മുതൽ 3 വർഷമാക്കിയിട്ടുണ്ട്. വൈദ്യ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ സിലബസ് പരിഷ്കരിക്കുന്നുണ്ട്. മാത്രമല്ല നഴ്സിംഗ് സ്കൂളുകൾ സന്ദർശിച്ച് വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. മുമ്പില്ലാതിരുന്ന എൽ.സി.ഡി., മെയിൻകൃൻ എന്നീ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള അധ്യയനരീതിയാണ് ഇപ്പോഴുള്ളത്. കാലകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിന് അധ്യാപകരെ പരിശീലിപ്പിക്കുന്നു. കമ്പ്യൂട്ടർ പരിജ്ഞാനം അത്യാവശ്യമായതിനാൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വർഷംതോറും നഴ്സിംഗ് സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നഴ്സിംഗ് വിദ്യാഭ്യാസം നവീകരിക്കുന്നതിന്റെ ഭാഗമായി തുടർ വിദ്യാഭ്യാസ പരിപാടികൾ ചെറിയ തോതിൽ നടത്തുന്നുണ്ട്.

ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ നഴ്സിംഗ് വിദ്യാഭ്യാസ നവീകരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നു. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 ആക്കിയിട്ടുണ്ട്, അധ്യാപകർക്ക് യൂണിവേഴ്സിറ്റി തലത്തിൽ പരിശീലനം നൽകുന്നുണ്ട്.

(ബി) ആരോഗ്യ വകുപ്പിന് കീഴിൽ നഴ്സുമാർക്ക് വിദേശ രാജ്യങ്ങളിലുള്ള ജോലി സാദ്ധ്യതകൂടി പരിഗണിച്ച് വിദ്യാഭ്യാസം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതി കൂടുതൽ പരിഷ്കരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസ പരിശീലനത്തിന് കൂടുതൽ സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. അധ്യാപകർക്കും പരിശീലനം നൽകുന്നുണ്ട്.

(സി) ആരോഗ്യ വകുപ്പിന് കീഴിൽ വൈദ്യരംഗത്തെ വെല്ലുവിളികൾ നേരിടുവാൻ പ്രാപ്തമായ നഴ്സുമാരെ വാർത്തെടുക്കുന്നതിനുള്ള പാഠ്യപദ്ധതിയാണ് ഇപ്പോഴുള്ളത്. ആരോഗ്യ വകുപ്പ് നഴ്സുമാർക്ക് ഇൻ-സർവ്വീസ് ട്രെയിനിംഗ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫയർ വഴി നൽകുന്നുണ്ട്. എൽ.സി.ഡി., മെയിൻകൃൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ നഴ്സിംഗ് വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് നിയന്ത്രണം, തുടർ വിദ്യാഭ്യാസ പരിപാടികൾ ഐ.എം.ജി. വഴി നടപ്പാക്കൽ, സ്പെഷ്യാലിറ്റി കോഴ്സുകൾ എല്ലാ കോളേജിലും ആരംഭിക്കൽ, നഴ്സിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, ആവശ്യത്തിനുള്ള നഴ്സിംഗ് അധ്യാപക തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ഗ്ലോബൽ നഴ്സായി ഉയർത്താൻ ആധുനിക ലാബ് സിസ്റ്റം ഉപയോഗിക്കുന്നു, നവീന രോഗങ്ങളെ കുറിച്ച് പഠിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly